## രാഷ്ട്രപതിയുടെ വികസന അജണ്ട

# കേരളം എങ്ങോട്ട്?

**സി.ആർ. നീലകണ്ഠൻ**

**ഇക്കഴിഞ്ഞ** ജൂലായ് 28ന് ഇന്ത്യയുടെ രാഷ്ട്രപതി എ.പി.ജെ.അബ്ദുൾ കലാം കേരളനിയമസഭയിൽചെയ്ത പ്രസംഗത്തിൽ മുന്നോട്ടുവച്ച പത്തിന വികസന പരിപാടി ഇന്നേറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതുസംബന്ധിച്ച് മാധ്യമങ്ങളിൽ നടക്കുന്ന ചർച്ചകൾ (ശരിക്കും പറയേണ്ടത് ആർപ്പുവിളികൾ എന്നാണ്) കേട്ടാൽ തോന്നുക, നാളിതുവരെ കേരളത്തിലുണ്ടായിട്ടുള്ള രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക വിദഗ്ധരെല്ലാം മരമണ്ടന്മാരായിരുന്നുവെന്നും പെട്ടന്നൊരു ദിവസം അതിബുദ്ധിമാനും വിദഗ്ധനും പ്രജാക്ഷേമ തൽപരനുമായൊരു രാഷ്ട്രപതിയെത്തി നമ്മെ ഇത് ഉദ്ബോധിപ്പിച്ചപ്പോൾ മാത്രം നമുക്കൊക്കെ പെട്ടെന്ന് 'ബോധോദയം' ഉണ്ടായിയെന്നുമാണ്. മൂന്നരക്കോടി ജനങ്ങളെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.മാരെല്ലാം 'യുറേക്കാ' എന്ന് ആർത്തുവിളിച്ചു. മുഖ്യമന്ത്രി നിന്ന നിൽപ്പിൽ ഈ പരിപാടികൾ നടപ്പിലാക്കാൻ ഉത്തരവിറക്കുന്നു. പ്രതിപക്ഷത്തുനിന്നും നല്ല സഹകരണം വാഗ്ദാനം ചെയ്യപ്പെടുന്നു. അതെ, ഇനിയത്തെ അഞ്ചുവർഷംകൊണ്ട് നാം 'വികസിത' സംസ്ഥാനമാകാൻ പോകുന്നു.

ഈ വികസന അജണ്ടകളുടെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനു മുമ്പ് നാം ഓർമ്മിക്കേണ്ട ചില സംഗതികളുണ്ട്. ചോദിക്കേണ്ട ചോദ്യങ്ങളുണ്ട്. ഇതിൽ പറയുന്ന കാര്യങ്ങൾ ഇതിനു മുമ്പ് കേൾക്കാത്തവയാണോ? അല്ലേയല്ല. പല പതിറ്റാണ്ടുകളായി കേരളത്തിലെ പ്രമുഖ്യ മാധ്യമങ്ങൾ (വിശേഷിച്ചും മലയാള മനോരമ) കേരള വികസനത്തിനുള്ള അജണ്ട തയാറാക്കി നൽകിക്കൊണ്ടിരിക്കുകയായിരുന്നില്ലേ? നൂറുദിനവും ഇരുപതിനവും പത്തിനവുമൊക്കെയായി നാമെത്ര കേട്ടതാണിത്. രണ്ടുവർഷം മുമ്പ് ആഗോളനിക്ഷേപകസംഗമം (ജിം) എന്ന മാമാങ്കം കൊച്ചിയിൽ നടത്തിയതിന്റെ ഭാഗമായി (മുമ്പും പിമ്പും) എത്രയെത്ര വികസന പദ്ധതികൾ ഇത്തരത്തിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടു! അവയ്ക്കെല്ലാം ഇതേരീതിയിൽ കൊട്ടും കുരവയുമായി വരവേല്പ് നൽകിയവർ തന്നെ ഇപ്പോഴും അതു ചെയ്യുന്നുവെന്നല്ലേയുള്ളൂ.

ഇപ്പോഴുണ്ടായിട്ടുള്ള പ്രധാനമായ ഒരു വികസനം, ഈ അജണ്ട അവതരിപ്പിച്ചത് ഇന്ത്യയുടെ പ്രഥമ പൗരനാണ് എന്നതാണ്. അപ്പോൾ മറ്റൊരു സുപ്രധാന ചോദ്യമുയരുന്നു. ഒരു രാഷ്ട്രപതിക്ക് (എത്ര മഹാനായാലും ഭരണഘടനയനുസരിച്ച് അദ്ദേഹത്തിന്റെ അധികാരത്തിൽപെടാത്ത ഒരു കാര്യമാണിത്!) ഒറ്റയടിക്ക് പ്രഖ്യാപിക്കാനും യാതൊരുവിധ ചർച്ചകളും കൂടാതെ അത് നടപ്പാക്കാൻ എക്സിക്യൂട്ടീവ് സംവിധാനം തീരുമാനമെടുക്കാനുമുള്ള ശ്രമങ്ങൾ ജനാധിപത്യരീതിക്കു യോജിച്ചതാണോ? ഒരു വ്യക്തി എത്ര മഹാ




നാണെങ്കിലും ജനാധിപത്യ വ്യവസ്ഥിതിയുടെ (അതെത്ര ദുർബലമാണെങ്കിലും) ഘടനയെ മറികടക്കാൻ ആരാണിവർക്ക് അധികാരം കൊടുത്തത്? നിയമസഭയിൽ ഇതിന്റെ യാതൊരു വിശദാംശങ്ങളും വച്ചിട്ടില്ല. ചർച്ച ചെയ്തിട്ടില്ല. എന്തിന്, മന്ത്രിസഭപോലും ചർച്ച ചെയ്തിട്ടില്ല. ആസൂത്രണ ബോർഡെന്നൊരു സൂത്രം നമുക്കില്ലേ? രാഷ്ട്രപതിയുടെ വികസന മന്ത്രത്തിൽ നാമെല്ലാം മയങ്ങിവീണുപോയോ? മൂന്നരക്കോടി ജനങ്ങളുടെ (അവരുടെ നിരവധി തലമുറകളുടെ) ഭാവി ഇത്തരത്തിലാണോ തീരുമാനിക്കപ്പെടേണ്ടത്? അധികാര വികേന്ദ്രീകരണത്തെപ്പറ്റി വാതോരാതെ സംസാരിക്കുന്നവർ, ഈ വികസന പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യേണ്ടെന്നു തീരുമാനിച്ചതു ശരിയാണോ? കേരളത്തിലെ എല്ലാ ജനാധിപത്യ സംവിധാനങ്ങളുടെ അധികാരങ്ങളും ഒരാൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതെങ്ങിനെ?

ഇവിടെയാണ് ഈ വികസനപദ്ധതികൾ നാം മുമ്പ് പലയിടത്തും കണ്ടിരുന്നവ തന്നെയല്ലേയെന്ന തോന്നൽ പ്രസക്തമാകുന്നത്. അതെ, വലതുപക്ഷ മുതലാളിത്ത മാധ്യമങ്ങൾ - സാമ്രാജ്യത്വ അധിനിവേശത്തെ എന്നും സ്വാഗതം ചെയ്തിട്ടുള്ള ശക്തികൾ - മനസ്സിൽ കൊണ്ടുനടന്ന അജണ്ടക്ക് രാഷ്ട്രപതിയിലൂടെ സർവ്വരുടേയും അംഗീകാരം നേടിയെടുക്കുകയെന്ന ദുഷ്ടലാക്കു മാത്രമായിരുന്നില്ലേ ഇതിന്റെ പിന്നിൽ?

### വികസനത്തിനു രാഷ്ട്രീയമില്ലേ?


ഏത് വികസന അജണ്ടയേയും നാം വലിയിരുത്തേണ്ടതെങ്ങനെയാണ്? രാഷ്ട്രീയത്തിനതീതമായി ഒരു 'സമ

വാക്യം' സൃഷ്ടിച്ചുകൊണ്ട് ഈ അജണ്ട നടപ്പിലാക്കാമെന്ന് എല്ലാവരും സമ്മതിച്ചതുപോലെ തോന്നുന്നു. (ജിം നടത്തിയപ്പോഴും ഇതുണ്ടായിയെന്ന കാര്യം മറക്കരുത്!) ഇതു കേട്ടാൽ തോന്നുക വികസനം എന്നത് അരാഷ്ട്രീയമായ ഒന്നാണെന്നല്ലേ? അത് ശരിയാണോ? കക്ഷിരാഷ്ട്രീയത്തിൽ സമവാക്യമുണ്ടായിയെന്നതുകൊണ്ട് മാത്രം ഇത് അരാഷ്ട്രീയ പ്രശ്നമാകുന്നുവോ? മറിച്ചൊന്നു ചിന്തിക്കുക. എല്ലാ കക്ഷികളും ഒരേ രാഷ്ട്രീയമാണ് അംഗീകരിക്കുന്നതെങ്കിൽ പിന്നെന്തിനു രാഷ്ട്രീയം എന്ന പ്രശ്നമുണ്ട്. എന്നാൽ ഇവിടെ അത് സംഭവിച്ചിരിക്കുന്നു. എല്ലാ കക്ഷികൾക്കും 'ഒരേ വികസന രാഷ്ട്രീയം' തന്നെയാണുള്ളത്. അതിനനുയോജ്യമായ അജണ്ടയാണിത്. അതുകൊണ്ടാണ് 'സമവായം' സാദ്ധ്യമായത്. ഫലത്തിൽ നമ്മുടെ മുഖ്യധാരാ രാഷ്ട്രീയ മണ്ഡലമാണ് അരാഷ്ട്രീയവൽക്കരിക്കപ്പെട്ടിരിക്കുന്നത്. എന്താണ് വികസനത്തിന്റെ രാഷ്ട്രീയം എന്നു നാം ചിന്തിക്കണം. ഏത് സമൂഹത്തിലെയും (കുടുംബമടക്കം) രാഷ്ട്രീയമെന്നതിനു മുൻഗണന, പൊതുവിഭാഗങ്ങൾക്കു മേലുള്ള അധികാരം എന്ന സുപ്രധാന ഘടകങ്ങളുണ്ട്. ഉള്ള വിഭവങ്ങൾ ഏതു തരം 'മുൻഗണന'യിലാണ് വിനിയോഗിക്കപ്പെടുന്നത്? ആരുടെ താല്പര്യങ്ങൾക്കാണ് ഇവിടെ മുൻഗണന കിട്ടുകയെന്നതാണീ രാഷ്ട്രീയം. ഇതുപോലെതന്നെ പൊതുവിഭവങ്ങളിൽ ഉള്ള അധികാരവും. ഈ വിഭവങ്ങൾ എങ്ങനെ വിനിയോഗിക്കപ്പെടുന്നു? അത് സംബന്ധിച്ച തീരുമാനം ആരെടുക്കുന്നു? അതിന്റെ ദീർഘകാല പ്രത്യാഘാതങ്ങൾ എന്തെല്ലാമാണ്? ആർക്കെല്ലാം അത് ഗുണകരമായി ഭവിക്കുന്നു? ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നതിലൂടെ നമുക്ക് ആ വികസന അജണ്ടയുടെ യഥാർത്ഥ രാഷ്ട്രീയം കണ്ടെത്താനാകും.

> **രാഷ്ട്രപതി അബ്ദുൾ കലാമിന്റെ കേരള വികസന അജണ്ട**
>
> **സിവിൽ സമൂഹം ഇടപെടുന്നു**
>
> കേരള വികസനത്തിന് രാഷ്ട്രപതി മുന്നോട്ടുവെച്ച വികസന അജണ്ട പൊതുവിൽ സ്വീകരിക്കപ്പെട്ടിരിക്കുകയാണല്ലോ. ഈ സാഹചര്യത്തിൽ ജനകീയപക്ഷത്തുനിന്ന് അതിലിടപെടാൻ തൃശൂർ ശ്രദ്ധ ഹാളിൽ ചേർന്ന സാംസ്കാരിക പ്രവർത്തകരുടെ യോഗം തീരുമാനിച്ചു. രാഷ്ട്രപതിയുടെ നിർദേശങ്ങളെ നിഷേധാത്മകമായല്ല, മറിച്ച് ഓരോ മേഖലകളിലേയും ഇന്നത്തെ അവസ്ഥയെന്താണ്, എന്തായിരിക്കണം എന്ന അന്വേഷണമാണ് ഉദ്ദേശിക്കപ്പെടുന്നത്. സെപ്തംബർ 3, 4 തീയതികളിൽ ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല ശില്പശാല തൃശൂരിൽ നടക്കും. നവസാമൂഹ്യ പ്രസ്ഥാനങ്ങളുടെ പ്രതിനിധികളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ജനകീയ പോരാട്ടങ്ങളുടെ പ്രതിനിധികളും അക്കാദമീഷ്യന്മാരും രാഷ്ട്രീയ പ്രവർത്തകരും ശില്പശാലയിൽ പങ്കെടുക്കും. ജനകീയപക്ഷത്തുനിന്ന് ഒരു വികസന അജണ്ടക്ക് ശില്പശാല രൂപം കൊടുക്കും.
>
> താല്പര്യമുള്ളവർ ബന്ധപ്പെടുക:
> വി.ജി.തമ്പി, 'ശ്രദ്ധ', വടക്കേച്ചിറ, തൃശൂർ-20

### കലാമിന്റെ വികസന സങ്കല്പങ്ങൾ

തന്റെ ലേഖനങ്ങളിലും പുസ്തകങ്ങളിലും പ്രസംഗങ്ങളിലുംകൂടി ഈ രാഷ്ട്രപതി പ്രചരിപ്പിക്കുന്ന വികസന സങ്കല്പങ്ങൾ എന്തെല്ലാമാണ്? ഇദ്ദേഹത്തെ രാഷ്ട്രപതി സ്ഥാനാർഥിയായി നിശ്ചയിച്ചപ്പോൾ, ഈ ലേഖകൻ ഉയർത്തിയ ഒരു സംശയമുണ്ട്. 'അബ്ദുൾ കലാം ആരുടെ സ്ഥാനാർത്ഥിയാണ്?' എന്നതാണത്. ഇന്ത്യയുടെ ഭാവി സംബന്ധിച്ച് ഇദ്ദേഹത്തിന്റെ പുറത്തുവന്നിട്ടുള്ള നിലപാടുകൾ അത്യന്തം അപകടകരമാണെന്ന അഭിപ്രായമാണ് അന്നും ഇന്നും ഈ ലേഖകനുള്ളത്. അത്യാന്താധുനിക സാങ്കേതികവിദ്യകളുടെ ലോകത്ത് സ്വന്തം ജീവിതത്തിന്റെ നല്ലൊരുഭാഗം ചിലവഴിച്ചതുകൊണ്ടാകാം, ഏത് പ്രശ്നങ്ങൾക്കും സാങ്കേതികവിദ്യകൊണ്ട് പരിഹാരം നേടാമെന്ന 'ആത്മവിശ്വാസം' പുലർത്തുന്ന സമ്പൂർണ ടെക്നോക്രാറ്റ് (സാങ്കേതിക വിദഗ്ധൻ) ആയി ഇദ്ദേഹം മാറിയത്. ഇദ്ദേഹം ഒരു തരത്തിലും കാപട്യക്കാരനാണെന്ന ധ്വനി ഇവിടെയില്ല. മറിച്ച് വിനാശകരമായ ഒരു പ്രത്യയശാസ്ത്രത്തിൽ ആത്മാർത്ഥമായി വിശ്വസിക്കുന്നുവെന്നതാണ് പ്രശ്നം. അതുകൊണ്ടുതന്നെ സാങ്കേതികവിദ്യകളെ 'മൂല്യ നിക്ഷേപങ്ങൾ' അഥവാ 'അരാഷ്ട്രീയതയുള്ളവ'യായി ഇദ്ദേഹം കാണുന്നു. സാങ്കേതികവിദ്യ എത്രവേണമെങ്കിലും വളരട്ടെ, അത് മനുഷ്യന് ഗുണകരമായി ഉപയോഗിക്കപ്പെടും എന്നു കരുതുന്നത് ശരിയാണോ? വൻകിട അണക്കെട്ടുകൾ, ഹരിതവിപ്ലവം തുടങ്ങി ആണവനിലയങ്ങൾ വരെയുള്ള നമ്മുടെ 'സാങ്കേതിക നേട്ടങ്ങൾ' ഇന്ന് ആ അർത്ഥത്തിൽ മാത്രം വിലയിരുത്തപ്പെടാൻ കഴിയുന്നവയാണോ? ഭക്ഷ്യപ്രതിസന്ധിയ്ക്കു സർവ്വകാല പരിഹാരമെന്നുദ്ഘോഷിച്ച് നാലു പതിറ്റാണ്ടു നടപ്പിലാക്കിയ ഹരിതവിപ്ലവം ഇന്ന് കടുത്ത ദാരിദ്ര്യത്തിനും പട്ടിണിക്കും കർഷകരുടെ കൂട്ട ആത്മഹത്യക്കും മണ്ണും വെള്ളവും വായുവും (മനുഷ്യന്റെ മനസ്സും) വിഷമയമാക്കുന്നതിനും അതുവഴി അർബുദമടക്കമുള്ള മഹാരോഗങ്ങൾക്ക് കീഴടങ്ങുന്നതും സമ്പന്നർമാത്രം ചികിത്സയിലൂടെ (മറ്റൊരു സാങ്കേതികവിദ്യ) രക്ഷപ്പെടുകയും ദരിദ്രഭൂരിപക്ഷം രോഗംകൊണ്ട് വീണ്ടും ദരിദ്രരാകുകയും ചെയ്യുന്നതും കാണാൻ ഇദ്ദേഹത്തെപ്പോലുള്ളവർക്കു കഴിയാതിരിക്കുന്നത് എന്തുകൊണ്ട്? ഇതുപോലെതന്നെ ഊർജപ്രതിസന്ധിക്കുള്ള 'ലളിത പരിഹാര'മായി വിശേഷിപ്പിക്കപ്പെട്ട ആണവോർജവികസനപദ്ധതികൾ വരാനിരിക്കുന്ന നൂറുകണക്കിനു തലമുറകൾക്കുപോലും നിലനിൽപ്പിനുള്ള ഭീഷണി ഉയർത്തിക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. ലോകജനതയിൽ പാതിക്കും നല്ല കുടിവെള്ളം കിട്ടാത്ത അവസ്ഥയാണിന്നുള്ളത്. ഇത്തരം പ്രശ്നങ്ങൾക്കെല്ലാം നമുക്ക് 'പുത്തൻ സാങ്കേതികവിദ്യ'കളിലൂടെ പരിഹാരം കാണാമെന്ന വാദം ശരിയാണോ? ഇടതുപക്ഷവും വീണുപോകുന്ന 'കെണി'യിതാണ്. യാന്ത്രികമായി 'വികസനത്തിലും സാങ്കേതികവിദ്യയിലും' അവർ വിശ്വസിക്കുന്നു. 'ഭരണകൂടത്തിന്റെ രാഷ്ട്രീയം മാത്രമാണ് പ്രശ്നമെന്ന് ഇടതുപക്ഷംപോലും കരുതുന്നു. അതുകൊണ്ടുതന്നെ 'കലാമിന്റെ പത്തു മന്ത്ര




ങ്ങൾ' ഒരു 'സോഷ്യലിസ്റ്റ് ഭരണകൂടമാണ് ജപിക്കുന്നതെങ്കിൽ അതിനു ഫലമുണ്ടാകും എന്നവരും കരുതുന്നു. സാമ്രാജ്യത്വം എല്ലാകാലത്തും പ്രയോഗിച്ചിരുന്ന ഒരു തന്ത്രമാണ് 'സാങ്കേതികവിദ്യയുടെ മേന്മ' എന്നത് ഇന്ത്യക്കും 'ശ്രമിച്ചാൽ' അമേരിക്കക്കു തുല്യമായ സാങ്കേതിക ശക്തിയായി വളരാം എന്ന അന്ധവിശ്വാസം ഇവിടെ വ്യാപിപ്പിക്കുന്നതിൽ ഇടതുപക്ഷത്തിനും പങ്കുണ്ട്. വികസനത്തിന്റെ മാതൃക അമേരിക്കയാണെന്ന് തീരുമാനിച്ചുകൊണ്ടാണ് അഞ്ചുവർഷത്തിനകം കേരളം വികസിക്കും എന്ന് നാം പറയുന്നത്. അമേരിക്കയടക്കമുള്ള സാമ്രാജ്യത്വത്തിന് ഇത്രയേറെ സാങ്കേതികവിദ്യകളും 'വികസന'വും ഉണ്ടാകുന്നതിനുവേണ്ടി മൂന്നാം ലോകത്തിലെ എത്രയേറെ സമൂഹങ്ങൾ കടുത്ത ദാരിദ്ര്യത്തിലേക്ക് എറിയപ്പെട്ടു. എത്രലക്ഷം മനുഷ്യർക്ക് യുദ്ധത്തിലും പട്ടിണിയിലും മറ്റുമായി ജീവൻ നൽകേണ്ടിവന്നു (ഇറാക്കിലും പലസ്തീനിലും ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നു) എന്ന സത്യം നാം മറച്ചുപിടിക്കുന്നു. ഇന്ത്യ അമേരിക്കപോലെ 'വികസിക്കണ'മെങ്കിൽ നമുക്ക് പത്ത് ഇറാക്കുകളെങ്കിലും കീഴടക്കേണ്ടിവരുമെന്നതാണ് സത്യം. ഫ്രഡറിക് ഏംഗൽസ് (പ്രകൃതിയുടെ വൈരുദ്ധ്യാത്മകത) മുതൽ ഫിഡൽ കാസ്ട്രോയുടെ (കാർഭ്രമം) വരെയുള്ള മാർക്സിസ്റ്റുകൾ ശരിയായിക്കണ്ട കാര്യം പക്ഷെ ഇന്ത്യയിൽ 'മാർക്സിസ്റ്റു'കാരെന്ന് അവകാശപ്പെടുന്നവർക്കു ബോധ്യപ്പെട്ടിട്ടില്ല.

### സ്വാശ്രയത്വം

ആഗോളീകരിക്കപ്പെട്ട സമ്പദ്ഘടനയിൽ സ്വാശ്രയത്വം എന്നത് ഒരു പഴഞ്ചൻ പ്രയോഗമാണെന്നു കരുതുന്നവരുണ്ട്. എന്നാൽ അമേരിക്കയിലും പശ്ചിമ യൂറോപ്പിലും ജപ്പാനിലും ഊർജവും ജലവും ഭക്ഷ്യവസ്തുക്കളും ഭോഗാസക്തിയോടെ വിനിയോഗിക്കപ്പെടുകയും ദുർവ്യയം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ മധ്യാഫ്രിക്കയിലും കരീബിയൻ സമൂഹങ്ങളിലും ഇന്ത്യയിൽതന്നെ പലയിടത്തും മനുഷ്യർ കടുത്ത ദാരിദ്ര്യത്തിലും പട്ടിണിയിലും കഴിയുന്നുവെന്നത് ഇവർക്ക് അത്ഭുതമാണ്. എന്നാൽ ഇവ പരിസ്പര പൂരകമാണെന്നതാണ് പ്രകൃതിനിയമം. അഥവാ ഒരുകൂട്ടരുടെ ദുർവ്യയത്തിന്റെ ഫലം മറ്റൊരിടത്തെ ദാരിദ്ര്യം, പാരിസ്ഥിതികരംഗത്തെ തകർച്ചകൾമാത്രം വിലയിരുത്തിയാൽ ഇത് ആർക്കും ബോധ്യമാകും.

### കേരളത്തിന്റെ പ്രതിസന്ധി

എന്താണ് കേരളത്തിന്റെ പ്രധാന പ്രശ്നം? അത് തിരിച്ചറിഞ്ഞ് പരിഹാരം കാണാൻ ഈ വികസന അജണ്ട പര്യാപ്തമാണോ? 'ഉണ്ടാക്കുന്നതൊന്നും ഉപയോഗിക്കാത്തവരും ഉപയോഗിക്കുന്നതൊന്നും ഉണ്ടാക്കാത്തവരുമായി' മാറിയതുതന്നെയാണ് നമ്മുടെ പ്രധാന പ്രതിസന്ധി. ജീവിക്കാൻ സമ്പൂർണമായും പുറം കമ്പോളത്തെ ആശ്രയിക്കേണ്ടിവരുന്നു. നാം വാങ്ങുന്നതിന്റേയും വിൽക്കുന്നതിന്റേയും (മനുഷ്യവിഭവമടക്കം) വില നിശ്ചയിക്കുന്നത് പുറംകമ്പോളമായി. ഈ പരാശ്രിതത്വം മറ്റു പല രീതിയിലും നമ്മെ തീർത്തും ദുർബലരാക്കിയിരിക്കുന്നു. ആഗോളീകരണത്തിന്റെ ഭാഗമായി ഇതു കൂടുതൽ ശക്തിപ്പെട്ടു. ഇതിൽനിന്നുള്ള ഒരു മോചനത്തിന് ഈ അജണ്ട വഴിവയ്ക്കുമോ?

തീർച്ചയായും ഇല്ലായെന്നു മാത്രമല്ല ഇത് കൂടുതൽ പരാശ്രിതത്വത്തിലേക്കാണ് നമ്മെ നയിക്കുക. പുറം കമ്പോളത്തെ ലക്ഷ്യമാക്കി നമ്മുടെ മണ്ണും വെള്ളവും മനസ്സും കൃഷിയും വ്യവസായവും ജീവിതശൈലിയും കൂടുതൽ മാറ്റപ്പെടണമെന്നാണ് ഈ അജണ്ട പറയുന്നത്. ഈ അജണ്ടയിലെ മിക്ക ഇനങ്ങളും ഇത്തരത്തിലുള്ളവയാണ്. ഒന്നാമത്തെ വികസന മേഖലയായി ഉയർത്തിക്കാട്ടുന്ന ടൂറിസം പൂർണമായും പരാശ്രിത മേഖലയാണ്. ഈ പരാശ്രിതത്വത്തിന്റെ മറ്റൊരു ദോഷം അസ്ഥിരതയെന്നതാണ്. ഇത് തടയാൻ നമുക്ക് കഴിയില്ല. എന്നാൽ ഇത്തരത്തിലൊരു അസ്ഥിരതയുണ്ടായാൽ അതിന്റെ ദുരിതം പേറേണ്ടിവരുന്നത് സമൂഹത്തിൽ ഏറ്റവും ദുർബലരായ ജനവിഭാഗങ്ങളാണ്.

ടൂറിസമടക്കം ഇതിലൊരു വികസനപദ്ധതിയും പൂർണമായി ഉപേക്ഷിക്കണം എന്നല്ല വിവക്ഷ. ടൂറിസം എല്ലാകാലത്തുമുണ്ടായിരുന്നു. അതിൽ കുറെ തൊഴിൽസാധ്യതകളുമുണ്ടാകാം. എന്നാൽ പ്രശ്നം മുൻഗണനയുടേതാണ്. പാശ്ചാത്യ രാജ്യങ്ങളിലെല്ലാം നടപ്പിലാക്കുന്ന ടൂറിസമല്ല മൂന്നാം ലോകത്ത് വ്യാപിപ്പിക്കുന്നത് എന്ന സത്യം നാം മറന്നുപോകരുത്. ലോകത്തിലെ ഏറ്റവും പ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രങ്ങളായ സ്വിറ്റ്സർലണ്ടിലോ ഗ്രീസിലോ മറ്റോ ചെന്നാൽ അവർ ടൂറിസ്റ്റുകൾക്കായി ഒന്നും മാറ്റുകയല്ല ചെയ്യുന്നത്, മറിച്ച്, അവരുടെ എല്ലാ തനിമകളും നിലനിർത്തുകയും അവിടെയെത്തുന്നവർ അതനുസരിച്ച് മാറുകയും വേണം. എന്നാൽ ഇവിടെ അതല്ല രീതി. വരുന്നവർക്കുവേണ്ടി നാമെല്ലാം മാറ്റുകയാണ്. നമ്മുടെ വേഷവും ഭാഷയും ഭക്ഷണവും സംസ്കാരവുമെല്ലാം! ടൂറിസം വികസനത്തിനുവേണ്ടി ശുചിത്വമുള്ള പരിസരം തുടങ്ങിയവ സൃഷ്ടിക്കപ്പെടുന്നതു മനസിലാക്കാം. എന്നാൽ 'സഞ്ചാരികളുടെ വ്യക്തിപരമായ താല്പര്യങ്ങൾ' മനസിലാക്കി അതിനനുസരിച്ച് 'സൗകര്യങ്ങൾ' ഒരുക്കണമെന്നു പറയുന്നതാണ് അപകടകരം. ഇത് ഏതറ്റംവരെയും വലിച്ചുനീട്ടാവുന്നതാണ്. ടൂറിസത്തിന്റെ പേരിൽ പ്രകൃതിരമണീയമായ കാടും പുൽമേടും കായലും കടലും കടലോരവും ജലസ്രോതസ്സുകളും കൈയേറുന്ന പ്രവണത അതിവേഗം വർദ്ധിച്ചുവരുന്നു. ഇത് 'വ്യക്തിപരമായ സൗകര്യങ്ങൾ' (റിസോർട്ടുകൾ, ബീച്ചുകൾ, ബോട്ട് ഹൗസുകൾ മുതലായവ) ഒരുക്കാനാണെന്നു പറയാമല്ലോ. ഇതിനുമപ്പുറം മൂന്നാം ലോക ടൂറിസത്തിലെ പ്രധാന ഘടകം 'പെൺവാണിഭ'മാണെന്നത് ഒരു രഹസ്യമല്ല. തായ്ലൻഡും ഫിലിപ്പൈൻസും മുതൽ ഗോവയും കോവളവും വരെ ഇതിനുദാഹരണങ്ങളാണ്. ആയുർവേദത്തെപ്പറ്റി നാം വലിയവായിൽ സംസാരിക്കുമ്പോഴും ഇന്ന് ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ആയുർവേദ പാർലറുകളിൽ വലിയൊരു പങ്കും വേശ്യാലയങ്ങൾ തന്നെയാണെന്ന കാര്യം രാഷ്ട്രപതിക്ക് അറിയാമായിരിക്കില്ല. ഇതുപോലെതന്നെ മയക്കുമരുന്ന് തുടങ്ങിയവയുടെ കേന്ദ്രങ്ങളായും ഇവ മാറുന്നു. ചുരുക്കത്തിൽ മണ്ണ്, വനം, പെണ്ണ്, മയക്കുമരുന്ന് തുടങ്ങിയ മാഫിയകളുടേയും കൂറ്റൻ ഹോട്ടൽ ശൃംഖലക്കാരുടേയും കൈപ്പിടിയിലാണിന്ന് ടൂറിസം രംഗം. ഇതു മാറ്റാൻ ഒരു സർക്കാരിനും കഴിയാത്ത

സാഹചര്യത്തിൽ ടൂറിസ്റ്റുകളുടെ എണ്ണം (സ്വദേശികൾ അറുപതുലക്ഷവും വിദേശികൾ 3.5 ലക്ഷവും എന്നത് സ്വദേശികൾ 1.2 കോടിയും വിദേശികൾ പത്തുലക്ഷവുമാക്കി) വർധിപ്പിക്കുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ആരാണ് പരിഗണിക്കുക? ടൂറിസം രംഗത്തുള്ള വികസനത്തിന്റെ ഭാഗമായി കേരളത്തിൽ ഇനിയും ഒട്ടനവധി 'സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ' സ്ഥാപിക്കണമെന്നുള്ള നിർദേശം അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്നതാണ്. ലണ്ടൻ നഗരത്തിലുള്ളതിനേക്കാൾ അത്യാധുനിക ചികിത്സായന്ത്ര സാമഗ്രികൾ മലപ്പുറം ജില്ലയിലുണ്ടെന്ന് ഡോ. ബി.ഇക്ബാൽ ഒരിക്കൽ അഭിപ്രായപ്പെട്ടിരുന്നു. ഇപ്പോൾ തന്നെ ഈ ആശുപത്രികൾ തമ്മിലുള്ള കിടമത്സരവും അവ പുറത്തുവിടുന്ന മാലിന്യങ്ങളും അവർ നടത്തുന്ന ചൂഷണവുമെല്ലാം നമ്മെ ശ്വാസംമുട്ടിക്കുന്നു. ഇവയെ ചെറിയതോതിൽപോലും ഒന്നു നിയന്ത്രിക്കാൻ സർക്കാരുകൾക്കാകുന്നില്ലതാനും.

പരാശ്രിത വികസന പദ്ധതികളുടെ ഏറ്റവും പ്രധാന പ്രശ്നം അതിന്റെ അസ്ഥിരതയാണ്. ടൂറിസം തീർത്തും അസ്ഥിരമായ ഒരു മേഖലയാണ്. യുദ്ധം, രോഗം, കലാപങ്ങൾ തുടങ്ങിയവയിലേതെങ്കിലുമൊന്നുണ്ടായാൽ അതോടെ ടൂറിസം തീരും. കാശ്മീരും മറ്റും ഇതിനു ഉദാഹരണങ്ങളാണ്. അങ്ങിനെ സംഭവിച്ചാൽ ടൂറിസത്തിനു വേണ്ടി നാം മുടക്കിയ പണവും നശിപ്പിച്ച വിഭവങ്ങളും നഷ്ടപ്പെടും (ഇതൊഴിവാക്കാൻ സ്വകാര്യ മൂലധന ശക്തികൾ സ്വീകരിക്കുന്ന രീതി പെട്ടെന്ന് വരുമാനം കിട്ടുന്ന വഴി തേടുകയെന്നതാണ്. തങ്ങളുടെ മുടക്കുമുതലും പലമടങ്ങ് ലാഭവും നേടിയാൽ പിന്നെ നാടിനെന്തുസംഭവിച്ചാലും കുഴപ്പമില്ല. പക്ഷേ, തുടർന്നിവിടെ ജീവിക്കേണ്ടിവരുന്നവരുടെ സ്ഥിതിയെന്താകും?) ആദിവാസികളും മത്സ്യതൊഴിലാളികളുമടങ്ങിയ ദുർബല വിഭാഗങ്ങളുടെ ജീവനോപാധികൾ നഷ്ടപ്പെടുത്തുന്ന ഒരു വികസനമായി ടൂറിസം മാറും.

### ഐ.ടി.

ടൂറിസംപോലെതന്നെ പരാശ്രിത വ്യവസായമേഖലയാണ് ഐടിയും. ഇപ്പോൾ ഇന്ത്യൻ ഐടി കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് വളരെ ചെറുതാണെന്നും 2008 ആകുമ്പോഴേക്കും 200 കോടി ഡോളറിന്റെ (9000 കോടി രൂപ) വരുമാനം ബിപിഒ (വിദേശത്തെ ജോലികൾ ഏറ്റെടുത്ത് ചെയ്യൽ) വഴിയുണ്ടാക്കലാണ് ലക്ഷ്യം. ഈ പദ്ധതികളും ടൂറിസംപോലെ അസ്ഥിരമാണ്. ഏത് നിമിഷവും ഇതിനെ ആശ്രയിക്കുന്നവരിൽ വലിയൊരു പങ്കും പുറത്തെറിയപ്പെടാം. പിന്നെ അവർക്കെന്തു വഴിയെന്ന് ആരും പറയില്ല. ഐടി വിദ്യാഭ്യാസമെന്നപേരിൽ മുക്കിനു മുക്കിനു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നൽകുന്നത് സായിപ്പിന്റെ 'ഇ-കൂലി'യായിരിക്കാൻവേണ്ട അറിവു മാത്രമാണ്. സ്വതന്ത്രമായി നമുക്കൊന്നും ചെയ്യാനില്ല. അതിലും പ്രധാനമായ ഒരു പ്രശ്നം, ഈ മേഖലയ്ക്ക് നൽകുന്ന അമിത പ്രാധാന്യമാണ്. ടൂറിസംപോലെ ഐടിയും ഒരു സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ യാതൊരു ഭൗതികോൽപാദനവും നടത്തുന്നില്ല. തന്നെയുമല്ല, സ്മാർട്ട് സിറ്റി തുടങ്ങിയ തട്ടിപ്പുകളിലൂടെ സമ്പന്നവിഭാഗങ്ങൾക്ക് ഭൂമിയും മറ്റു വിഭവങ്ങളും കൈയടക്കാൻ ഇതു സഹായകമാകുന്നു. ഐടി ഒരു മഹാവികസന മേഖലയാണെന്നും അതിലൂടെ ആന്ധ്രയും കർണാടകവും ഏറെ മുന്നിലെത്തിയെന്നും (ഇവിടത്തെ മറ്റു വികസനവാദികളെപ്പോലെ) രാഷ്ട്രപതിയും പറയുന്നു. എന്നാൽ ഐടിയെന്നത് 'സമഗ്ര വികസനത്തിന്റെ സൂചക'മായിരുന്നുവെങ്കിൽ ഇവ വികസിപ്പിച്ച ചന്ദ്രബാബു നായിഡുവിനേയും എസ്.എം.കൃഷ്ണയേയും അവരുടെ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങൾ ഭരണത്തിനു പുറത്തെറിഞ്ഞതെന്തിന്? അതിന്റെയർത്ഥം വ്യക്തമാണ്. ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ വികസനമാണിത്. അതിനുവേണ്ടി മുഴുവൻ ജനങ്ങൾക്കും അവകാശപ്പെട്ട വിഭവങ്ങൾ വിനിയോഗിക്കുന്നത് ശരിയല്ല!

### ആയുർവേദം

ഭാരതത്തിന്റേയും കേരളത്തിന്റേയും പരമ്പരാഗത സ്വത്താണ് ആയുർവേദം. ജൈവവൈവിധ്യംകൊണ്ട് സമ്പന്നമായ കേരളത്തിൽ ഇത് വളർന്നുവന്നത് സ്വാഭാവികം മാത്രം. ഈ രംഗത്ത് വികസനം ആവശ്യമാണ്. തൊഴിൽ സാധ്യതയുണ്ട്. പക്ഷേ, ഇവിടെയും കേരളീയ സമൂഹത്തിന്റെ സമഗ്രാരോഗ്യ വികസനത്തിന്റെ ഭാഗമായല്ല, മറിച്ച് വിദേശ കമ്പോളത്തിൽ 200 കോടി ഡോളറിന്റെ ലക്ഷ്യംവച്ചാണ് വികസന പദ്ധതികൾ തയാറാക്കുന്നത്. പരാശ്രിതത്വത്തിന്റെ എല്ലാ ദോഷങ്ങളും ഇതിനുണ്ട് എന്നാണർത്ഥം. ഇന്ത്യയിൽ ഏറ്റവുമധികം ഇംഗ്ലീഷ് മരുന്നു കഴിക്കുന്നവരാണ് മലയാളികൾ. അതിന്റെ പ്രശ്നങ്ങൾ കേവലം സാമ്പത്തികം മാത്രമല്ലല്ലോ. നമ്മുടെ ആരോഗ്യവും തകരുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിൽ നമുക്കെന്തുകൊണ്ട് ആയുർവേദത്തെ വികസിപ്പിച്ചുകൂടാ? അങ്ങനെ വന്നാൽ ആ കമ്പോളം പരാശ്രിതമായിരിക്കില്ലല്ലോ. അതിന് ആദ്യമായി വേണ്ടത്, 'ആധുനിക സാങ്കേതികവിദ്യ'യിലുള്ള അന്ധവിശ്വാസം ഇല്ലാതാക്കുകയാണ്. പക്ഷെ, രാഷ്ട്രപതിക്കു ഇത് സ്വീകാര്യമല്ലെന്നു നാം കണ്ടുകഴിഞ്ഞു.

ആയുർവേദം നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനമായ ഒന്ന്, അലോപ്പതിയിൽനിന്നുള്ള മത്സരമാണ്. അലോപ്പതിക്കനുകൂലമായ സാമൂഹ്യ മാനസികഘടനയാണ്. ഈ പ്രതിസന്ധി മറികടക്കാൻ ആയുവേദം അലോപ്പതിയുടെ തന്നെ മാർഗങ്ങളും മൂല്യങ്ങളും സ്വീകരിക്കുന്നു. (പാരമ്പര്യ വൈദ്യൻമാർക്ക് നൽകിയിരുന്ന ചികിത്സാ ലൈസൻസ് റദ്ദാക്കിയ സർക്കാർ നടപടി ഇതിന്റെ ഭാഗമാണ്. കോളേജിൽ പഠിച്ച് സർട്ടിഫിക്കറ്റ് വാങ്ങിയവർക്കു മാത്രമേ ചികിത്സിക്കാവൂവെന്നത് അലോപ്പതിയും മറ്റും മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടാണ്) സ്റ്റെതസ്കോപ്പും ലാബും സ്കാനിംഗും ഇന്ന് ആയുർവേദക്കാരുടേയും രോഗനിർണയ രീതിയാണ് (നാഡി പിടിച്ച് രോഗവും മരണവുംവരെ നിർണയിക്കാൻ ശേഷിയുള്ള വൈദ്യർ (ജീവൻ മശായ്) നോവലുകളിൽ മാത്രമുള്ള ഒരു കഥാപാത്രമായിരുന്നില്ലല്ലോ) ചികിത്സയിലും ഗുളികകളും മറ്റും വ്യാപകമാകുന്നു. രാഷ്ട്രപതി നിർദേശിക്കുന്ന പാശ്ചാത്യ കമ്പോള കടന്നുകയറ്റത്തിനുവേണ്ടി ആയുർവേദം ഇനിയും അലോപ്പതിവൽക്കരിക്കേണ്ടിവരും. പേറ്റന്റ് തുടങ്ങിയ സാമ്രാജ്യത്വ നിയമങ്ങൾക്കു കീഴ്പ്പെടേണ്ടിയുംവരും. ഇതിന്റെ നേട്ടം തീർച്ചയായും നമ്മുടെ നാട്ടിലെ പാവപ്പെട്ട വൈദ്യന്മാർക്കാവില്ലെന്ന് ഉറപ്പിച്ചു പറയാനാകും.

കേരളത്തിന്റെ പാരിസ്ഥിതിക നാശവും അതുവഴി ജൈവവൈവിധ്യവും ഇല്ലാതാക്കുന്നതുമാണ് നമ്മുടെ മിക്ക വികസന പദ്ധതികളും. ഗുണനിലവാരമുള്ള ഔഷധസസ്യങ്ങൾ ലഭിക്കുന്നില്ലെന്നത് ഇന്ന് ആയുർവേദം നേരിടുന്ന

മറ്റൊരു പ്രതിസന്ധിയാണ്. ഇതിനുള്ള പരിഹാരമായി 'വ്യാപാരാടിസ്ഥാനത്തിൽ ഔഷധസസ്യതോട്ടങ്ങൾ' ഉണ്ടാക്കണമെന്നു പറയുന്നത് ഒറ്റനോട്ടത്തിൽ ശരിയാണെന്നു തോന്നാം. എന്നാൽ ഇതിലൂടെ ആയുർവേദത്തിന്റെ അന്തസത്ത ചോർന്നുപോകുന്നു. ആയുർവേദത്തിലെ ഔഷധസസ്യങ്ങൾ എന്നത് ഒറ്റപ്പെട്ട ഒരു സംഗതിയല്ല. മുക്കുറ്റിയും കറുകയും വിഷ്ണുക്രാന്തിയും മറ്റും എവിടെ വളരുന്നുവെന്നതിനനുസരിച്ച് അതിന്റെ ഗുണം മാറുന്നു. ചുറ്റുമുള്ള സസ്യഘടന മാറുന്നതനുസരിച്ച് ഔഷധഗുണം മാറുമെന്നതിനാൽ ഗ്രന്ഥങ്ങളിലെ ഫലങ്ങൾ ഓരോ മരുന്നിനും കിട്ടിക്കൊള്ളണമെന്നില്ല. നാം പ്രയോഗിക്കുന്ന കീടനാശിനികൾ ഇവയെ വിഷമാക്കി മാറ്റുന്നുമുണ്ട്. ഒരു രാസവസ്തു എങ്ങനെയുണ്ടാക്കിയാലും പ്രശ്നമല്ല. അന്തിമമായി അതിന്റെ രാസഘടന ശരിയായാൽ മതി. എന്നാൽ, സസ്യങ്ങൾ അങ്ങനെയാകില്ല. അതുകൊണ്ടുതന്നെ തോട്ടങ്ങളിൽ വളർത്തിയ ഔഷധസസ്യങ്ങളുപയോഗിച്ച് ആധുനിക സാങ്കേതികവിദ്യകളിലൂടെ നിർമ്മിക്കുന്നതും (പലപ്പോഴും കേടാകാതിരിക്കാൻ രാസവസ്തുക്കൾ ചേർക്കുന്നതും) ആയ മരുന്നുകൾ പേരിൽ മാത്രമേ ആ മരുന്നായിരിക്കുകയുള്ളൂ. മാത്രവുമല്ല, പാശ്ചാത്യരുടെ രാസപരിശോധനയും സർട്ടിഫിക്കറ്റ് നൽകലും മറ്റുമാകുന്നതോടെ എല്ലാം തീരും. ചുരുക്കത്തിൽ 'നല്ല ലാഭം കിട്ടുന്ന' വിദേശ കമ്പോളത്തിനുവേണ്ടി പ്രവർത്തിക്കുകവഴി നമുക്കാവശ്യമായ (അതിനു ലാഭം കുറയും) മരുന്നുല്പാദനം കുറയും. ഇന്നാട്ടുകാരുടെ കാര്യം ആർക്കുവേണം? ഇപ്പോഴും ദരിദ്രവിഭാഗങ്ങൾ പ്രത്യേകിച്ച് ദരിദ്രജനങ്ങൾ ആയുർവേദത്തെയാണ് ആശ്രയിക്കുന്നത് എന്നോർക്കുക. അവരാണ് കഷ്ടത്തിലാകുന്നത്. നഴ്സിംഗ്, പാരമെഡിക്കൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും മറ്റും പറയുന്നതും ഇതേ പരാശ്രയ സ്വഭാവം തന്നെ. പ്രതിവർഷം 20,000 നഴ്സുമാരെ പുറത്തുവിടുന്നതിനാവശ്യമായ കോളേജുകൾ ഇവിടെയുണ്ടാകണമെന്നു പറയുന്നതിലെ വിഡ്ഢിത്വം നമുക്ക് ബോധ്യപ്പെടാത്തതെന്താണ്? അഞ്ചോ പത്തോ വർഷത്തിനിടയ്ക്കുതന്നെ മറ്റേതെങ്കിലും മൂന്നാം ലോകരാജ്യത്തുനിന്നും ഇതിനേക്കാൾ കുറഞ്ഞ കൂലിക്ക് നഴ്സുമാരെ അവർക്ക് ലഭ്യമായേക്കാം. ഇനിയതില്ലെങ്കിൽതന്നെ പത്തുവർഷം കഴിഞ്ഞാലോ? അന്ന് ഈ കോളേജുകൾ പൂട്ടുമോ? വിദേശത്ത് ജോലിയില്ലാതായി തിരിച്ചുവന്നാൽ ഇന്നാട്ടിൽ ഇവരെന്തു ചെയ്യും? ഐടി, ടൂറിസം തുടങ്ങിയവയെപ്പോലെ സുസ്ഥിരതയെപ്പറ്റി യാതൊരു ചിന്തയുമില്ലാത്ത, തീർത്തും കമ്പോളാശ്രിതമായ ഒരു വികസനമാണിത്. നഴ്സിംഗ് കോളേജുകൾ ആവശ്യമില്ലായെന്നല്ല പറയുന്നത്, എവിടെയെങ്കിലും പെയ്യാൻ സാധ്യതയുള്ള മഴയ്ക്ക് നാം കുട പിടിക്കേണ്ടതില്ലെന്നാണ്.

### പ്രത്യേക സാമ്പത്തിക മേഖല – മത്സ്യബന്ധനം

തൊഴിലുടമയ്ക്ക് ഏതുവിധ ചൂഷണവും നടത്താൻ അനുവാദം നൽകുന്നവിധം (അടിമപ്പണി) മൂലധനമിറക്കാൻ കഴിയുന്ന പ്രത്യേക സാമ്പത്തിക മേഖലകൾ അഞ്ചെണ്ണം വേണമെന്ന് രാഷ്ട്രപതി പറയുന്നു. കേരളത്തിലെ തൊഴിൽ സംസ്കാരമാണ് പ്രശ്നമെന്ന വാദഗതിക്ക് ഏറെ പഴക്കമുണ്ട്. അത് രാഷ്ട്രപതിയും ആവർത്തിക്കുന്നുവെന്നു മാത്രം. ഭക്ഷ്യസംസ്കരണം, ഐടി തുടങ്ങിയ വ്യവസായം വരുന്നതിനാണ് ഈ പ്രത്യേക സാമ്പത്തിക മേഖലയെന്നു പറയുന്നു. ഇന്ത്യക്കാരന്റെ അധ്വാനം, കുറഞ്ഞ വിലക്ക് വാങ്ങി വിദേശിയുടെ സുഖസൗകര്യങ്ങളും ലാഭവും വർധിപ്പിക്കുന്നതിനുപയോഗിക്കുകയെന്നത് തന്നെയാണ് ലക്ഷ്യം. ലാറ്റിനമേരിക്കയിൽ, പ്രത്യേകിച്ചും മെക്സിക്കോയിൽ പ്രവർത്തിക്കുന്ന പ്രത്യേക സാമ്പത്തിക മേഖലകളിൽ നടക്കുന്ന ചൂഷണവും മനുഷ്യാവകാശ ധ്വംസനങ്ങളും ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കൊച്ചിയിൽ നിലവിലുള്ള സാമ്പത്തികമേഖലയിലെ പല വ്യവസായങ്ങളും യാതൊരു തൊഴിൽ നിയമങ്ങളും പാലിക്കാത്തവയാണ്. അറനൂറു രൂപ വരെ മാസശമ്പളം കിട്ടുന്ന ആയിരക്കണക്കിന് പെൺകുട്ടികൾ അവിടെ ജോലി ചെയ്യുന്നു. പലപ്പോഴും അവധി ദിവസങ്ങൾപോലും ബാധകമാക്കാറില്ല. യാതൊരു മുന്നറിയിപ്പുമില്ലാതെ അവിടെ പ്രവർത്തിക്കുന്ന പല കമ്പനികളും അടച്ചുപൂട്ടി പോകുന്നുമുണ്ട്. ജോലിക്കാരെ പിരിച്ചുവിടുന്നു.

താൻ രാമേശ്വരത്ത് ജനിച്ചുവളർന്ന ആളായതിനാൽ മത്സ്യമേഖലയിലെ പ്രശ്നങ്ങൾ നേരിട്ടറിയാം എന്നുപറഞ്ഞുകൊണ്ടാണ് ആ രംഗത്തെ വികസനപദ്ധതികൾ പ്രഖ്യാപിക്കുന്നത്. ബഹുഭൂരിപക്ഷം വരുന്ന പരമ്പരാഗത മത്സ്യതൊഴിലാളികൾ നേരിടുന്ന ഒരു പ്രശ്നത്തിനും പരിഹാരം നിർദേശിക്കുന്നില്ലെന്നു മാത്രമല്ല, അവരുടെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യുന്ന പദ്ധതികളാണ് അദ്ദേഹം നിർദേശിക്കുന്നതെന്നും കാണാം. ആഴക്കടൽ മത്സ്യബന്ധനത്തിന് 1200 ടൺ സംഭരണശേഷിയും 200 ടൺ സംസ്കരണശേഷിയുമുള്ള ട്രോളറുകൾ കടലിലിറക്കണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ വികസന നിർദേശം. വിദേശ കമ്പോളത്തിൽ വില്പന തന്നെയാണ് ഇവിടെയും ലക്ഷ്യം. ഇപ്പോൾതന്നെ അനുവാദത്തോടുകൂടിയും അല്ലാതെയും ഭീമൻ ട്രോളറുകൾ ഇന്ത്യയുടെ ആഴക്കടലിൽവന്ന് തമ്പടിച്ച് മത്സ്യം പിടിച്ച് സംസ്കരിച്ച് വിദേശത്തേക്കു കൊണ്ടുപോകുന്നുണ്ട്. ഇതിന്റെ ഫലമായി നാടൻ ബോട്ടുകൾക്ക് ലഭിക്കുന്ന മത്സ്യത്തിൽ കാര്യമായ കുറവുണ്ടാകുന്നുവെന്നുകണ്ട് അതിനെതിരായി ശക്തമായ സമരം നടത്തുകയാണവർ. ഇത് സാമ്രാജ്യത്വനയങ്ങൾ നടപ്പിലാക്കുന്നതുതന്നെയാണെന്ന് കക്ഷിരാഷ്ട്രീയ ഭേദമെന്യേ നമ്മുടെ മത്സ്യത്തൊഴിലാളികൾ തിരിച്ചറിയുന്നു. ആ നയത്തിന് ശക്തിപകരാനാണ് രാഷ്ട്രപതിയുടെ നിർദേശങ്ങൾ ഉപകരിക്കുക.

ആർക്കാണ് ഇത്ര ഭീമൻ ട്രോളറുകൾ ആഴക്കടലിലിറക്കാനാകുക? സംശയം വേണ്ട. ദേശീയ അന്തർദേശീയ കുത്തകകൾക്കുമാത്രം. (മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കിത് കഴിയുമോ?) ഇപ്പോൾ 7 ലക്ഷം ടണ്ണുള്ള പ്രതിവർഷ മത്സ്യലഭ്യത ഇതുവഴി 10 ലക്ഷം ടൺ ആക്കുന്നതോടെ നാടൻ വള്ളങ്ങളുടേയും ബോട്ടുകളുടേയും മത്സ്യലഭ്യത തീരെ കുറയും. ഇപ്പോൾതന്നെ മത്സ്യമേഖലയിലെ പ്രധാന പ്രതിസന്ധി മത്സ്യലഭ്യതയിലുണ്ടായിട്ടുള്ള വൻകുറവാണ്. ആദിവാസികൾ കഴിഞ്ഞാൽ ഏറ്റവുമധികം പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കുന്നത് ഈ വിഭാഗം ജനങ്ങളാണ്. മത്സ്യക്കൂട്ടങ്ങൾ എവിടെയാണെന്നറിയാൻ ഉപഗ്രഹങ്ങൾ ഉപയോഗിക്കും (അദ്ദേഹത്തിനറിയാവുന്ന ഒരു രംഗമാണല്ലോ അത്) എന്നത് സാധാരണ മത്സ്യത്തൊഴിലാളിക്ക് തമാശയായി തോന്നും. കരയിലിരുന്നുകൊണ്ട് കടലിന്റെ സ്വഭാവം നോക്കി എവിടെചെന്നാൽ മത്സ്യം കിട്ടുമെന്നറിയാൻ ശേഷിയുള്ളവരാണ് പരമ്പരാഗത മത്സ്യതൊ

ഴിലാളികൾ. എവിടെ മത്സ്യം കിട്ടുമെന്നറിയാത്തതല്ല, അവിടെച്ചെന്നാലും മത്സ്യം കിട്ടില്ലെന്ന് അറിയുന്നതാണ് അവർ നേരിടുന്ന പ്രതിസന്ധി. ചുരുക്കത്തിൽ സാങ്കേതികവിദ്യകൊണ്ട് പരിഹരിക്കാനാവാത്തതാണ് അവരുടെ പ്രശ്നം. ഒരുപക്ഷേ, നമ്മുടെ രാഷ്ട്രപതിക്ക് അതറിയില്ലായിരിക്കാം.

ഇവിടെയും വൻകിട ട്രോളറുകാർ മത്സ്യംപിടിച്ച് സംസ്കരിച്ച് വിദേശത്തെ സമ്പന്നന്റെ തീൻമേശകളിൽ കുറഞ്ഞവിലയ്ക്ക് മത്സ്യവിഭവങ്ങളൊരുക്കുന്നു. സംസ്കരണ മേഖലയിൽപ്പോലും യാതൊരു പണിയും നാട്ടുകാർക്കു ലഭിക്കുന്നില്ല. കടലിൽവെച്ചുതന്നെയാണ് സംസ്കരണവും. മത്സ്യത്തിന്റെ ലഭ്യതയിലെ കുറവ് പരിഹരിക്കാൻവേണ്ട യാതൊരു നടപടികളും ഇതിൽ വരുന്നില്ലെന്നു സാരം. കാലാവസ്ഥാ മാറ്റം, കടലിന്റെ പാരിസ്ഥിതിക ഘടനയിലെ തകർച്ചകൾ, കരയിൽ ബ്ലേഡ് കമ്പനികളടക്കമുള്ളവരുടെ ചൂഷണം, ദാരിദ്ര്യം, പ്രകൃതിക്ഷോഭങ്ങൾമൂലം വരുന്ന ദുരന്തങ്ങൾ തുടങ്ങിയവയൊന്നും പരിഹരിക്കാതെയുള്ള ഈ വികസന പദ്ധതിയുടെ യഥാർത്ഥലക്ഷ്യം 'ഉത്പാദന വർധനവ്' മാത്രം.

തീരദേശത്തെ 'നഗരവത്കരിക്കുന്നതിനു'വേണ്ടിയുള്ള 'പുര' (പ്രൊവിഷൻ ഫോർ അർബൻ അമിനിറ്റീസ്) പദ്ധതികൂടി നടപ്പിലാക്കുന്നതോടെ പരമ്പരാഗത മത്സ്യത്തൊഴിലാളി കളത്തിനു പുറത്താകും. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനവുമായി താരതമ്യം ചെയ്താൽ റോഡ്, വാർത്താവിനിമയം തുടങ്ങിയ രംഗങ്ങളിൽ ഏറെ വികസിതമാണ് കേരളത്തിലെ തീരങ്ങൾ. എന്നാൽ, ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷപ്പെടാൻ കഴിയുന്ന ചില നിർണായക പാലങ്ങളും റോഡുകളും ഇനിയുമുണ്ടായിട്ടില്ല. കംപ്യൂട്ടർ കണക്ടിവിറ്റി തീരങ്ങളിൽ ലഭ്യമാക്കുകവഴി അവരുടെ സാമ്പത്തികനിലവാരം ഉയരുമെന്നു പറയുന്നത് ഏത് തരത്തിൽ വിശ്വസിക്കാനാവും! സുനാമിദുരന്തം ബാധിച്ചവർ ബഹുഭൂരിപക്ഷവും ഇപ്പോഴും താൽക്കാലിക ഷെഡ്ഡുകളിലാണ് കഴിയുന്നതെന്ന് കാര്യം അദ്ദേഹം അറിഞ്ഞുകാണില്ല. പണമില്ലായ്മയെന്ന കാരണം പറയാനാവില്ല. ലോകത്തിന്റെ നാനാഭാഗത്തുനിന്നും സഹായങ്ങൾ ഒഴുകിയെത്തി. എന്നാൽ സുനാമിഫണ്ടിലെ പണം മറ്റു പല കാര്യങ്ങൾക്കും വകമാറ്റി ചിലവാക്കി. അതിനർഹരായവർ ദുരിതത്തിൽത്തന്നെ! കടൽഭിത്തിയാണ് പരിഹാരമെന്നു പറഞ്ഞുകൊണ്ട് കുറെ പണം മുടിക്കാൻ ശ്രമം നടക്കുന്നു. എന്നാൽ ഇരുവശവും ഭിത്തിയുള്ളതിനാൽ ഏറ്റവും ഗുരുതരമായ കടലാക്രമണം നേരിടുന്ന ആറാട്ടുപുഴ തീരത്ത് കടൽഭിത്തി കെട്ടില്ല. കാരണം അവിടത്തെ കരിമണൽ വാരിവിൽക്കാൻ കരാറുറപ്പിച്ച് കമ്മീഷനും വാങ്ങിക്കഴിഞ്ഞു, ഭരണക്കാർ. 'പുര'യെപ്പറ്റി അതിവാചാലമാകുന്നതിലൂടെ സാങ്കേതികവിദ്യയിലുള്ള അന്ധവിശ്വാസം കൂടുതൽ പ്രകടിപ്പിക്കുകയാണ് അദ്ദേഹം. ഈ 'പുര'നിർമ്മിച്ചു നൽകുന്നത് സുനാമി ബാധിതർക്കായിരുന്നെങ്കിൽ എന്ന് സാധാരണ മനുഷ്യർ ചിന്തിച്ചുപോകും.

### കാർഷികമേഖല

കേരളത്തിലെ കാർഷികമേഖലയെ രക്ഷിക്കാനുള്ള 'മന്ത്രം' എന്ന രീതിയിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതിയും മുമ്പുപറഞ്ഞ സ്വഭാവങ്ങളുള്ളവയാണ്. സ്വന്തം കമ്പോളത്തിനാവശ്യമായവയൊന്നും ഉൽപാദിപ്പിക്കണമെന്ന് ഇതിൽ പറയുന്നില്ല. കമ്പോളവും കയറ്റുമതിയുമാണ് ലക്ഷ്യം. കേരളത്തിന്റെ വലിയ നേട്ടങ്ങളായി (തൊഴിൽ ലഭ്യത, കയറ്റുമതി വരുമാനം എന്നിങ്ങനെ) അവതരിപ്പിക്കപ്പെട്ട കാപ്പി, ചായ, ഏലം തോട്ടങ്ങൾ ഇന്നു ദുരന്തഭൂമികളാണ്. പട്ടിണിമരണം സാധാരണ സംഭവമാണവിടെ. മാസങ്ങളായി യാതൊരു തൊഴിലുമില്ലാത്ത ആയിരങ്ങളുണ്ട്. ഇതിനുള്ള കാരണമെന്ത്? ആഗോളീകരണ സാമ്പത്തികനയങ്ങൾ മൂലമുണ്ടാകുന്ന തകർച്ചയാണിതെന്നു പറയുന്നത് അർദ്ധസത്യം മാത്രം. ആയിരക്കണക്കിനു വർഷമായി നിലനിന്നിരുന്ന നിത്യഹരിത വനങ്ങൾ വെട്ടിത്തെളിച്ചാണ് നാം ഏകവിളത്തോട്ടങ്ങളുണ്ടാക്കിയത്. മണ്ണിനെ അതു നശിപ്പിച്ചു. നാട്ടിലാകെ കീടനാശിനി വിതച്ചു നദികളും തോടുകളും വരളുന്നതിനിടയാക്കി. ഇനിയൊരിക്കലും ഇതൊന്നും തിരിച്ചുപിടിക്കാനാവില്ല. ഇതിനു സമൂഹം (അനേകതലമുറകൾ) നൽകേണ്ടിവരുന്ന വില കണക്കാക്കിയാൽ തോട്ടങ്ങളിൽനിന്നും ഇതുവരെ കിട്ടിയ വരുമാനം തുച്ഛമായിരിക്കും.

ഇവിടെയും ആധുനിക സാങ്കേതികവിദ്യയിലൂടെ 'ഉൽപ്പാദനവർധനവ്' എന്ന യാന്ത്രികയുക്തി തന്നെയാണ് രാഷ്ട്രപതി പ്രയോഗിക്കുന്നത്. കാർഷികവൃത്തിയിലെ നിർണായകഘടകം 'മണ്ണ്' ആണെന്നിവർ തിരിച്ചറിയാറില്ല. കേരളത്തിലെ തെങ്ങുകളിൽ വൻനാശം വിതയ്ക്കുന്ന രോഗങ്ങൾക്ക് എത്രതരം കീടനാശിനി ഉപയോഗിച്ചു? ഒടുവിൽ വന്ന തീരുമാനം തെങ്ങ് വെട്ടിക്കളയുകയെന്നതാണ്. ഓരോ രാസവളവും കീടനാശിനിയും മണ്ണിന്റെ ജൈവഘടനയിൽ ഏൽപ്പിക്കുന്ന ആഘാതം ഈ വിദഗ്ധർ കണക്കിലെടുക്കാറില്ല. കാപ്പികൃഷി സംരക്ഷിക്കാൻ കീടനാശിനിയുടെ ഇറക്കുമതിത്തീരുവ കുറയ്ക്കണമെന്ന ഒരു നിർദേശം ഇദ്ദേഹം മുന്നോട്ടുവയ്ക്കുന്നു. നെല്ല്, പച്ചക്കറി തുടങ്ങിയ കൃഷികളെപ്പറ്റി യാതൊന്നും മിണ്ടുന്നുമില്ല. ഭക്ഷണമെന്നതാണ് കാർഷിക ശൃംഖലയിലെ ഒരു നിർണായക കണ്ണിയെന്ന കാര്യം ഒരു ശാസ്ത്രത്തിലും പഠിപ്പിക്കുന്നുണ്ടാകില്ല.

ഭക്ഷ്യസംസ്കരണത്തിലൂടെ മൂല്യവർധനവ് വരുത്തി കമ്പോളത്തിൽ വിറ്റ് ലാഭമുണ്ടാക്കാമെന്ന വായ്ത്താരി ഏറെ നാളായി ആവർത്തിക്കപ്പെടുന്നു. ഇതിന്റെ ശരിയായ അർത്ഥം എത്രപേർ മനസ്സിലാക്കുന്നുവെന്നറിയില്ല. കാർഷിക വിളകൾ സംസ്കരിക്കേണ്ടതില്ലെന്നല്ല, പക്ഷെ, അതിനു പരിഹരിക്കാവുന്നതല്ല നമ്മുടെ പ്രധാന കാർഷികപ്രശ്നങ്ങൾ. നൂറുകണക്കിനു കർഷകർ കേരളത്തിൽ ആത്മഹത്യചെയ്ത കാര്യം രാഷ്ട്രപതി അറിഞ്ഞുകാണില്ല. എങ്ങനെയാണവരുടെ കടബാധ്യത ഇത്രയധികമായത്? ഏത് ഉപഗ്രഹവും കംപ്യൂട്ടറുംകൊണ്ട് ഈ പ്രതിസന്ധി മറികടക്കാം?

### ജലപാതകൾ

ഒരുപക്ഷെ കാര്യമായ വിമർശനമില്ലാതെ അംഗീകരിക്കാവുന്ന ഒരു പദ്ധതിയാണിത്. കേരളത്തിലെ ചരക്കു ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടിയെന്നു പറഞ്ഞുകൊണ്ട് മാസങ്ങൾക്കുമുമ്പ് ഇതേ ഭരണകൂടവും മാധ്യമങ്ങളും ഉയർത്തിക്കാട്ടിയ പദ്ധതിയായിരുന്നല്ലോ എക്സ്പ്രസ് ഹൈവേ. അതിന്റെ നിരർത്ഥകതയെക്കുറിച്ച് വിവരിച്ചപ്പോൾ ഈ ലേഖകനെപ്പോലുള്ളവർ ഉയർത്തിക്കാട്ടിയത് ജലപാതകളുടെ വികസനമാണാവശ്യം എന്നാണ്. റോഡ് ഗതാഗത ചിലവിന്റെ എട്ടിലൊന്നു ചിലവേ വരു ജലഗതാഗത

ത്തിന് എന്ന കാര്യം ഇവരൊക്കെ ഇപ്പോഴെങ്കിലും അംഗീകരിച്ചതിൽ സന്തോഷം.

എന്നാൽ, ഈ പ്രഖ്യാപനം രാഷ്ട്രപതി നടത്തിയ ദിവസം തന്നെ പാർലമെന്റിൽ മറ്റൊരു മറുപടി കിട്ടി. കാസർകോട് - തിരുവനന്തപുരം (ദേശീയ ജലപാത -3) ഇനിമേൽ ദേശീയ ജലപാതയല്ലാതാക്കിയെന്ന മറുപടി. അതെന്തായാലും കേരളത്തിന്റെ സമഗ്രവികസന പദ്ധതിയുടെ ഭാഗമായി ജലപാതകൾ വികസിപ്പിക്കണം. സ്വാഭാവിക ജലപാതകളായിരിക്കണം ആദ്യലക്ഷ്യം. എന്നാൽ, ഇതിലും ശ്രദ്ധിക്കേണ്ട പല സംഗതികളുമുണ്ട്. കായൽ, കടൽ, പുഴ മുതലായവയുടെ ആഴം കൂട്ടുന്നത് വളരെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണ്. മത്സ്യസമ്പത്തിന്റെ സ്വാഭാവിക വളർച്ച തടയുംവിധമാകരുത്. ഈ പദ്ധതിയുടെ പേരിൽ, സ്വകാര്യ പങ്കാളിത്തത്തിന്റെ മറവിൽ ജലപാതകളുടെ നിയന്ത്രണം സ്വകാര്യ കുത്തകകൾക്കു നൽകരുത്. വൻ തോതിൽ ജലഗതാഗതം വർദ്ധിക്കുന്നതുമൂലമുള്ള മലിനീകരണം തടയുകയും വേണം.

### കണ്ണടച്ചെതിർക്കുകയല്ല

ഏത് വികസന പദ്ധതി വന്നാലും കണ്ണടച്ച് എതിർക്കുന്നവരാണ് ഒരു കൂട്ടർ എന്ന ആരോപണം വ്യാപകമാണ്. ഇത്തരം പ്രസ്താവനകളിലൂടെ ഏത് തരം വിമർശനങ്ങളെയും മറികടക്കുകയെന്നതാണ് ഇവരുടെ രീതി. എന്നാൽ **പദ്ധതികളെ വിമർശനാത്മക ബുദ്ധിയോടെ കാണുന്നത് കണ്ണടച്ചല്ല, കണ്ണു തുറന്നുതന്നെയാണ്.** ഓരോ പദ്ധതിയെക്കുറിച്ചും വ്യക്തമായ നിലപാടുകളുണ്ട്. എന്നാൽ മറ്റ് പലരും പറയുന്നതുപോലെ ഈ **പദ്ധതികൾക്കെല്ലാം 'ബദൽ' പറയണമെന്നു വാദിക്കുന്നതും ശരിയല്ല. എല്ലാത്തിനും ബദലില്ല. യുദ്ധത്തിനും അണുബോംബിനും ശുദ്ധജലത്തിനുമെല്ലാം എന്തു ബദലാണ് പറയുക? യഥാർത്ഥ ബദൽ പദ്ധതികൾക്കല്ല, വികസന പരിപ്രേക്ഷ്യത്തിനു തന്നെയാണ് വേണ്ടത്.**

പലവട്ടം സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ സമഗ്രവികസനമാണ് ലക്ഷ്യമെങ്കിൽ അതിനു യോജിച്ച ഒരു സമീപനം ആവശ്യമാണ്. ഈ വികസന പദ്ധതികളുടെ ലക്ഷ്യമായി അബ്ദുൾ കലാം തന്നെ പറയുന്നതെന്തെല്ലാമാണ്? പ്രതിശീർഷ വരുമാനം ഇപ്പോഴത്തെ 23,000 രൂപയെന്നത് 50,000 രൂപയാക്കണം. ഇത് ഗണിതശാസ്ത്രപരമായി ശരിയാണ്. എന്നാൽ ഇതെത്ര സമഗ്രമാണ്? ചരിത്രപരമായ കാരണങ്ങളാൽ (നിരവധി ജനകീയ പോരാട്ടങ്ങളിലൂടെ) ധനിക - ദാരിദ്ര്യ വ്യത്യാസം വളരെ കുറഞ്ഞ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഭൂമിയടക്കമുള്ള സമ്പത്തിന്റെ വിതരണം കുറെയൊക്കെ ന്യായയുക്തമായി നടന്നിട്ടുണ്ട്. തീർത്തും പാർശ്വവൽകൃതമായ ആദിവാസി - ദളിത് തുടങ്ങിയ ജനവിഭാഗങ്ങൾക്ക് ഇത് വേണ്ടത്ര ബാധകമല്ലെന്നതു ശരി. സർക്കാരുകൾ നടപ്പിലാക്കിയ സാമൂഹ്യക്ഷേമ പദ്ധതികളും ഇതിന് വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്.

എന്നാൽ, ആഗോളീകരണത്തിന്റെ കാലമായതോടെ ഇത് കുറേശെയായി മാറാൻ തുടങ്ങി. പാർശ്വവൽകൃതർ കൂടുതൽ പിന്നോക്കമായി. കൂടുതൽ വിഭവങ്ങൾ (തോട്ടം - പരമ്പരാഗത മേഖലാ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി ഒരു വിഭാഗം ദരിദ്ര കർഷകർ വരെ) ഇപ്പോൾ പാർശ്വവൽകൃതരാകുന്നു. സേവന സുരക്ഷാ മേഖലകളിൽനിന്നും സർക്കാർ പിന്മാറുന്നു. എന്നാൽ, ഇതോടൊപ്പം തന്നെ സംസ്ഥാനത്തെ പ്രതിശീർഷ ശരാശരി വരുമാനം കൂടിക്കൊണ്ടുമിരിക്കുന്നു. (ഇതും വളർച്ചാനിരക്കുമാണല്ലോ വികസന സൂചകങ്ങളായി ഇപ്പോൾ കണക്കാക്കുന്നത്). ഇതെങ്ങനെ സംഭവിക്കുന്നു? ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. പ്രതിമാസം അമ്പതിനായിരം രൂപ വരുമാനമുള്ള ഇരുന്നൂറ് തൊഴിലുകൾ (ഐടി തുടങ്ങിയവ) ഒരിടത്ത് പുതുതായി ലഭിക്കുന്നു. എന്നാൽ കാർഷിക പരമ്പരാഗത മേഖലകളിൽ പ്രതിമാസം 2500 രൂപ വരുമാനമുള്ള 4,000 തൊഴിലുകൾ ഇല്ലാതാകുന്നു. എന്നാൽ ഇത് മൊത്തം വളർച്ചാനിരക്കിലും പ്രതിശീർഷ വരുമാനത്തിലും യാതൊരു കുറവും വരുത്തുന്നില്ല. (200:50000 = 4000:2500) പക്ഷെ സമൂഹത്തിൽ നടക്കുന്നതെന്താണ്? 3800 പേർക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടു. എന്നാൽ ഈ കുറവ് മറ്റൊരു രീതിയിൽ നികത്തപ്പെടുമെന്നു വാദിക്കുന്നവരുമുണ്ട്. പുതിയ തൊഴിൽ കിട്ടിയവർ ആഡംബരത്തോടെ ജീവിക്കും. അവർക്കായി വമ്പൻ ഷോപ്പിംഗ് മാളുകളും ഹോട്ടലുകളും ബിയർ പബുകളും വരും. ധാരാളം വാഹനങ്ങൾ അവരുപയോഗിക്കും. ഒറ്റനോട്ടത്തിൽ ആ പ്രദേശത്ത് 'വികസനം' ഉണ്ടായതായി നമുക്കു തോന്നും. ഈ പുത്തൻപണക്കാർ ഉയർന്നവിലയ്ക്ക് ഭൂമി വാങ്ങാൻ തയാറാകും - അങ്ങനെ 'ഭൂമിവില' കൂടും. കടംകൊണ്ട് പൊറുതിമുട്ടിയ തൊഴിൽ നഷ്ടപ്പെട്ടവർ സ്വന്തം തുണ്ടുഭൂമി വിറ്റ് മറ്റു വഴിതേടിപ്പോകും. ജീവിതത്തിൽനിന്നും വലിച്ചെറിയപ്പെട്ടവർക്ക് യാതൊരു തൊഴിലിനും ഇവിടെ സാധ്യതയില്ല. ഈ പുതിയ കമ്പോളത്തിൽ അസ്ഥിരവും വേതനം കുറഞ്ഞതുമായിരിക്കും. ഈ പുത്തൻ ജീവിതശൈലി സൃഷ്ടിക്കുന്ന സാംസ്കാരിക പരിസരം എന്തായിരിക്കും? ഇതിന്റെ ഉപഭോഗകമ്പോളം അല്പവേതനം കിട്ടുന്ന തൊഴിലാളികളെപ്പോലും കടക്കാരാക്കും - പാപ്പരാക്കും. ഇതിനെ അന്തിമ വിശകലനത്തിൽ 'വികസനം' എന്നു പറയാനാകുമോ?

### ഭക്ഷണം, വെള്ളം, തൊഴിൽ

ഒരു സമൂഹം സ്വസ്ഥവും സുസ്ഥിരവുമാകണമെങ്കിൽ ഏറ്റവും പ്രധാനമായി വേണ്ടത് ഭക്ഷ്യസുരക്ഷിതത്വമാണ്. അത് കമ്പോളാശ്രിതമായിരിക്കുന്നിടത്തോളം അസ്വസ്ഥത നിലനിൽക്കും. കേരളത്തിന്റെ വികസനത്തിന്റെ അടിസ്ഥാന ലക്ഷ്യം കൂടുതൽ ഭക്ഷ്യവസ്തുക്കൾ ഉൽപാദിപ്പിക്കുകയെന്നതു തന്നെയാണ്. ഇത് 'നെല്ല്' മാത്രമാകണമെന്നില്ല. കീടനാശിനിയടിക്കാത്ത, രാസവളമിടാത്ത ഭക്ഷണം ലഭ്യമായാൽത്തന്നെ നമ്മുടെ (ഏറ്റവും ഉയർന്നതാണ് ഇന്ത്യയിൽവച്ച്) രോഗാതുരത കുറയും. രോഗശുശ്രൂഷാ ചിലവു കുറയും. ഇതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ എത്ര ഉയർന്ന സബ്സിഡി നൽകിയാലും തെറ്റില്ല. ആരോഗ്യരംഗത്ത് അത്രയും ചിലവുകുറയ്ക്കാം. ഭക്ഷ്യവിളകളിലൂടെ മണ്ണിന്റെ ഘടനയും ജൈവവൈവിധ്യവും സംരക്ഷിക്കാൻ കഴിഞ്ഞാൽ നമ്മുടെ ജലദൗർലഭ്യം കുറയും. **3000 മി.മി. ശരാശരി മഴ കിട്ടുന്ന ഇന്നാട്ടിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ഉപഗ്രഹംവഴി സൗരോർജം ശേഖരിച്ച് കടൽവെള്ളം വറ്റിക്കുന്നതോ ചൊവ്വാഗ്രഹത്തിൽനിന്നും വെള്ളം കൊണ്ടുവരുന്നതോ വഴിയല്ല ശ്രമി**

ക്കേണ്ടത് (അങ്ങനെ കൊണ്ടുവരുന്ന വെള്ളത്തിന് കോളയുടെ വിലയാകും) മണ്ണും വെള്ളവും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിലൂടെ നമ്മുടെ ജീവവായുവും ശുദ്ധമാകും.

കാർഷികമേഖലയുമായി ബന്ധപ്പെട്ടുതന്നെ പരമ്പരാഗത വ്യവസായ മേഖലയും വളരണം. ഇതിന് നമ്മുടെ ജീവിത ശൈലിയിലും വിദ്യാഭ്യാസത്തിലും മാറ്റം വരണം. കയർ, കൈത്തറി തുടങ്ങിയ മേഖലകളുടെ നവീകരണത്തിനും വികസനത്തിനും സഹായിക്കുന്ന വിദ്യാഭ്യാസം നൽകണം. എല്ലാവരും ഐടിയും നഴ്സിംഗും ഉപഗ്രഹ സാങ്കേതിക വിദ്യയും പഠിച്ചാൽ പോരാ. ഊർജവിനിയോഗരംഗത്തും വികസന സാധ്യതകളുണ്ട്. കാണുന്നിടത്തെല്ലാം വൻകിട അണക്കെട്ടിയും ആണവനിലയം സ്ഥാപിച്ചും പരിഹരിക്കാവുന്നതല്ല നമ്മുടെ ഊർജപ്രതിസന്ധി. ഊർജ ഉപഭോഗം മുതൽ നിയന്ത്രിക്കപ്പെടണം. കറന്റ് തീനി രാസവ്യവസായങ്ങൾ (ഇവ മലിനീകരണം നടത്തുന്നവയുമാണ്) നമുക്കാവശ്യമില്ല. ഒരു സാങ്കേതികവിദ്യക്കും പരിഹരിക്കാനാവാത്ത വിധം നമ്മുടെ മാലിന്യങ്ങൾ പെരുകുന്നു. ആ പ്രശ്ന പരിഹാരത്തിനായി മാലിന്യത്തിന്റെ അളവുതന്നെ കുറയ്ക്കണം. അവിശിഷ്ട ജൈവ മാലിന്യങ്ങൾ വികേന്ദ്രീകൃതമായിത്തന്നെ ജൈവവളമാക്കി ഭൂമിക്ക് തിരിച്ചുനൽകണം (ഒരു നഗരത്തിന്റെ മാലിന്യങ്ങൾ മുഴുവൻ ഗ്രാമത്തിലെ ദരിദ്രരുടെ തലയിൽ കൊണ്ടിടുന്നതല്ല മാലിന്യസംസ്കരണം).

പ്രകൃതിവിഭവങ്ങൾ അനന്തമല്ല. പുനചംക്രമണം ചെയ്യാവുന്നവ പരമാവധി അങ്ങനെ തന്നെ ചെയ്യണം. ചൊവ്വയിൽനിന്നും ധാതുക്കൾ ധാരാളമായി കൊണ്ടുവരാൻ 2050ൽ കഴിയുമെന്നും മറ്റുമുള്ള അബ്ദുൾ കലാമിന്റെ പ്രഖ്യാപനങ്ങളിൽ വിശ്വസിക്കാനാവില്ല.

വെള്ളമടക്കമുള്ള പ്രകൃതിവിഭവങ്ങളുടെ വിനിയോഗം, സംരക്ഷണം തുടങ്ങിയവ തദ്ദേശീയ സമൂഹങ്ങളുടെ അധികാരവും ചുമതലയുമായിരിക്കണം. പ്ലാച്ചിമട പോലൊന്ന് ഇനി ആവർത്തിക്കാൻ പാടില്ല. ഈ പട്ടിക വളരെ നീണ്ടതാണ്. ഓരോന്നും വിശദമായ ചർച്ചയ്ക്കു വിധേയമാക്കേണ്ടതുമാണ്. **പക്ഷെ, ഇതിനുപകരം രാഷ്ട്രപതി നിർദേശിക്കുന്ന 'സാമ്രാജ്യത്വ വികസനം' എന്ന സങ്കല്പം സ്വീകരിച്ചാൽ, ഇന്ത്യ വീണ്ടും ഒരു സാമന്തരാജ്യമാകും. അമേരിക്കയുടെ 51-ാമത്തെ സംസ്ഥാനം. അന്നാട്ടിലെ മറ്റു സംസ്ഥാനങ്ങൾക്കാവശ്യമുള്ളവ ഉൽപാദിപ്പിക്കുന്ന ഒന്ന്. അവരുടെ മൂലധനത്തിന് കൊള്ളയടിക്കാൻ വിഭവങ്ങൾ നൽകുന്ന ഒരു പ്രദേശം. അതിനല്ലല്ലോ നാം രണ്ടു നൂറ്റാണ്ട് സമരംചെയ്ത് സ്വാതന്ത്ര്യം നേടിയത്.** ജനാധിപത്യ ബോധമില്ലാത്തവരും മൂലധന താൽപര്യങ്ങൾ സംരക്ഷിക്കുന്നവരും ജൈവബോധമില്ലാത്ത ടെക്നോക്രാറ്റുകളും അവരെ പിന്താങ്ങുന്ന കുറെ മാധ്യമങ്ങളും ചേർന്നു തീരുമാനിക്കാനുള്ളതല്ല കേരളത്തിന്റെ വികസന അജണ്ട.

കേരള വികസനം ചർച്ചയിലേക്ക് താങ്കളേയും പ്രതീക്ഷിക്കുന്നു. പ്രതികരണങ്ങൾ അയയ്ക്കുമല്ലോ- പത്രാധിപർ.

## പ്ലാച്ചിമട അഭ്യർത്ഥന

പ്രിയ സുഹൃത്തേ,

കൊക്കോകോളയുടെ ഉല്പാദന വിതരണാവകാശികളായ പ്ലാച്ചിമടയിലെ ഹിന്ദുസ്ഥാൻ കൊക്കൊകോള കമ്പനിയുമായി ഒരു നിയമയുദ്ധത്തിലകപ്പെട്ടിരിക്കയാണ് പെരുമാട്ടി പഞ്ചായത്ത്. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന തദ്ദേശീയരായ ജനങ്ങളുടെ, ബഹുരാഷ്ട്ര കുത്തകകൾക്കെതിരെയുള്ള ഗാന്ധിയൻ സമരം 4-ാം വർഷത്തിലേക്ക് കടന്നിട്ടുള്ളത് നിങ്ങൾക്കറിവുള്ളതാണല്ലോ?

കൊക്കോകോള വരുന്നതിനുമുമ്പ് ഭൂഗർഭ ജലസ്രോതസ്സുകളെ ആശ്രയിച്ചുള്ള കൃഷിയിൽനിന്നുള്ള സാമാന്യം നല്ല വിളവ് അനുഭവിച്ച് ഞങ്ങൾ ഞങ്ങളുടേതായ പരുക്കൻ ജീവിതം നയിച്ചുപോന്നു. കൊക്കോകോള ഞങ്ങളുടെ വയലുകളെ തിരസ്കൃതവിഭവങ്ങളാൽ വിഷലിപ്തമാക്കി.

ജീവിതത്തെ കരിപിടിപ്പിച്ചു. വെള്ളം കുടിക്കാനോ കുളിക്കാനോ യോജ്യമല്ലാതാക്കി. കൃഷിനാശം സാധാരണ കൃഷിപ്പണിക്കാരെ തൊഴിൽരഹിതരാക്കി. സ്ത്രീകൾക്ക് വെള്ളത്തിനായി ബഹുദൂരം സഞ്ചരിക്കേണ്ടതുള്ളതിനാൽ അവർക്ക് മറ്റ് തൊഴിലുകൾക്ക് പോകാൻ സമയമില്ലാതായി. പോഷകക്കുറവുമൂലം ഞങ്ങളുടെ കുട്ടികൾ രോഗാതുരരും വിദ്യനേടാനവസരമില്ലാത്തവരുമായി. ചുരുക്കത്തിൽ ഞങ്ങളുടെ ജീവിതം പ്രതീക്ഷയ്ക്കുപോലും വകയില്ലാത്തവിധം ദുസ്സഹമായി. അങ്ങനെ മനസ്സലിവില്ലാത്ത ഈ വമ്പൻ കുത്തക കമ്പനിയുമായി സമരത്തിലേർപ്പെടാൻ ഞങ്ങൾ നിർബന്ധിതരായി.



പണത്തിന് കിട്ടാവുന്നതിൽ നല്ല നിയമ ഫയൽമാൻമാരെയെല്ലാം കൊക്കോകോള അണിനിരത്തി ഒരേസമയം ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. 3000 കിലോമീറ്റർ അകലെയുള്ള സുപ്രീംകോടതിയിൽപോയി കേസ് നടത്താനുള്ള സാമ്പത്തിക വെല്ലുവിളിക്ക് പുറമേ, പഞ്ചായത്തിന് ചിലവ് സംബന്ധമായ സർക്കാർ നിബന്ധനകളും മറികടക്കണം. മനുഷ്യത്വത്തിന്റെ ആവേശത്തോടെ ഞങ്ങളോടൊപ്പംനിന്ന സഹോദരീ സഹോദരന്മാരെ സമീപിക്കലാണ് ഞങ്ങളുടെ മുമ്പിലുള്ള ഒരേയൊരു പോംവഴി.

നിങ്ങളുടെ സഹായം താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടിലേക്ക് അയക്കുക.

**A/c. 01100060527**

**Bank: SBI മെയിൻ ബ്രാഞ്ച്, പാലക്കാട്, കേരളം.**

അഭിവാദനങ്ങളോടെ,

**എ.കൃഷ്ണൻ**
പ്രസിഡന്റ്
പെരുമാട്ടി ഗ്രാമപഞ്ചായത്ത്
പാലക്കാട് ജില്ല, കേരളം, ഇന്ത്യ.